# തിരുവിതാംകൂർ ദേവസ്വം ബോർഡ്

ആർ.ഒ.സി.13512/22/ബഡ്

ദേവസ്വം കമ്മീഷണർ ആഫീസ്
തിരുവനന്തപുരം,
തീയതി: 30 /05/2023

## സർക്കുലർ

വിഷയം:- കേരള റവന്യൂ റിക്കവറി നിയമം - 1968 ദേവസ്വം ബോർഡിൽ നടപ്പാക്കുന്നത് - സംബന്ധിച്ച്

സൂചന:- 02/05/2023 ലെ ആർ.ഒ.സി.നം.3998/23/സ്യൂട്ട്/എസ്റ്റാ-1 നമ്പർ ബോർഡ് ഉത്തരവ്

കേരള സർക്കാരിന് ലഭിക്കേണ്ടതായ തുകകൾ ഏതെങ്കിലും വ്യക്തിയിൽ നിന്നോ വ്യക്തികളുടെ വിഭാഗത്തിൽ നിന്നോ വസൂലാക്കുന്നതിനായ് പ്രാബല്യത്തിലുള്ള 1968 ലെ കേരള റവന്യൂ റിക്കവറി നിയമത്തിലെ വ്യവസ്ഥകൾ തിരുവിതാംകൂർ ദേവസ്വം ബോർഡിലും ബാധകമാക്കികൊണ്ട് സൂചന ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്.

ദേവസ്വം ബോർഡിന് ലഭിക്കുവാൻ ബാദ്ധ്യതപ്പെട്ട തുകകൾ (മരാമത്ത് വിഭാഗം ഉൾപ്പെടെ) ഒടുക്ക് വരുത്തുന്നതിൽ വീഴ്ച വരുത്തി എന്ന് ബോദ്ധ്യപ്പെടുന്ന പക്ഷം, ടി വിവരം ബന്ധപ്പെട്ട രേഖകൾ സഹിതം ദേവസ്വം കമ്മീഷണർക്ക് സമർപ്പിക്കുന്നതിനും അതത് ജില്ലകളിലെ നിയമ പ്രകാരം നിയോഗിക്കപ്പെട്ട അതോറിറ്റി മുമ്പാകെ നോഡൽ ആഫീസർ മുഖേന കേസ് ഫയൽ ചെയ്യുന്നതിനും, ബന്ധപ്പെട്ട അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ നടപടി സ്വീകരിക്കേണ്ടതാണെന്നുള്ള വിവരം അറിയിക്കുന്നു.

റവന്യൂ റിക്കവറി നടപടികൾ ഓൺലൈനായി ചെയ്യുന്നതിന്റെ ഭാഗമായി ശബരിമല എക്സിക്യൂട്ടീവ് ആഫീസറും/എല്ലാ ഗ്രൂപ്പ് അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാരും/എല്ലാ അസിസ്റ്റന്റ് എഞ്ചിനീയർമാരും ഡിജിറ്റൽ സിഗ്നേച്ചർ എടുക്കുകയും, അതത് ആഫീസുകളിലെ അപ്രൂവിംഗ് അതോറിറ്റിയായി ശബരിമല എക്സിക്യൂട്ടീവ് ആഫീസർ/എല്ലാ ഗ്രൂപ്പ് അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാർ/എല്ലാ അസിസ്റ്റന്റ് എഞ്ചിനീയർമാർ എന്നിവരെയും, കംമ്പ്യൂട്ടർ പരിജ്ഞാനമുള്ള ഒരു ക്ലാർക്കിനെയും ചുമതലപ്പെടുത്തി പേര് വിവരങ്ങൾ ഈ ആഫീസിൽ അടിയന്തിരമായി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

ദേവസ്വം കമ്മീഷണർ

Jyo.30/05